"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - ബഹു.കൊല്ലം സബ്കോടതിയുടെ എൽ.എ.ആർ കേസ് നം. 18/1990 ലെ വിധി - ശ്രീ. തങ്കപ്പൻപിള്ള മുതൽ പേരുടെ അപേക്ഷ സെക്ഷൻ 28(എ) പ്രകാരം തീർപ്പാക്കിയ വകയിലുള്ള തുക ഒടുക്കൽ - ഭരണാനുമതി നൽകി ഉത്തരവാകുന്നു.

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.451/2024/PWD തീയതി,തിരുവനന്തപുരം, 11-04-2024

പരാമർശം:-

1. സഉ(അച്ചടി)32/2019/ധന തീയതി 18.03.2019
2. ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയറുടെ 20.03.2024 തീയതിയിലെ CEPWD/5655/2024-C3(F)-NH നം. കത്ത്

**ഉത്തരവ്**

ബഹു.കൊല്ലം സബ്കോടതിയുടെ എൽ.എ.ആർ. കേസ് നം. 18/1990 ലെ വിധിപ്രകാരം സമാന സ്വഭാവമുള്ള ഭൂമിയിൽ നഷ്ടപരിഹാരം പുനർനിർണയം നടത്തണമെന്ന ശ്രീ. തങ്കപ്പൻപിള്ള, ശ്രീമതി സരോജിനി അമ്മ, ശ്രീമതി ജാനകി അമ്മ എന്നിവരുടെ അപേക്ഷ സെക്ഷൻ 28(എ) പ്രകാരം തീർപ്പാക്കിയ വകയിൽ 21,440/- രൂപ അനുവദിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

2. ഈ സാഹചര്യത്തിൽ ബഹു.കൊല്ലം സബ്കോടതിയുടെ എൽ.എ.ആർ. കേസ് നം. 18/1990 ലെ വിധിപ്രകാരം സമാന സ്വഭാവമുള്ള ഭൂമിയിൽ നഷ്ടപരിഹാരം പുനർനിർണയം നടത്തണമെന്ന ശ്രീ. തങ്കപ്പൻപിള്ള, ശ്രീമതി സരോജിനി അമ്മ, ശ്രീമതി ജാനകി അമ്മ എന്നിവരുടെ അപേക്ഷ സെക്ഷൻ 28 (എ) പ്രകാരം തീർപ്പാക്കിയ വകയിൽ നൽകേണ്ട തുകയായ 21,440/- രൂപ (ഇരുപത്തൊന്നായിരത്തി നാന്നൂറ്റി നാൽപത് രൂപ മാത്രം) യുടെ ഭരണാനുമതി ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3. പ്രസ്തുത തുക 2024-25 സാമ്പത്തിക വർഷത്തിൽ '5054-01-800-97-പി (സി)' എന്ന ശീർഷകത്തിൽ വകയിരുത്തപ്പെട്ട തുകയിൽ നിന്ന് ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANJU M
അണ്ടർ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ദേശീയപാതാ വിഭാഗം, തിരുവനന്തപുരം.
എക്സി.എഞ്ചിനീയർ (ദേശീയപാതാ) പൊതുമരാമത്ത് വകുപ്പ്, കൊല്ലം
ജില്ലാ കളക്ടർ, കൊല്ലം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ &പി ആർ ഡി

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Priyanka T V

Date: 15-04-2024 11:40:54

സെക്ഷൻ ഓഫീസർ